"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മണ്ണാർക്കാട് ദാറുന്നജാത് ഹൈസ്കൂളിലെ എച്ച്.എസ്.എ. (മാത്സ്) ആയ ശ്രീ.ടി.കെ.അബ്ദുൾ സലാം, യു.പി.എസ്.എ. ആയ ശ്രീമതി ഫൗസിയ എൻ. എന്നിവർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.31563/2023-ന്റെ 27.09.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2226/2025/GEDN തീയതി,തിരുവനന്തപുരം, 26-03-2025**

---

പരാമർശം:-
1. WP(C)No.31563/2023-ന്റെ 27.09.2023-ലെ വിധിന്യായം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.01.2024-ലെ ഇ.എം.1/634/2024/ഡിജിഇ നമ്പർ കത്ത്
3. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 22.01.2024-ലെ DDEPKD/4703/2023 -B5 നമ്പർ കത്ത്
4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറിന്റെ 22.01.2024-ലെ DEOMKD/2395/2023-B3 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് മണ്ണാർക്കാട് ദാറുന്നജാത് ഹൈസ്കൂളിലെ എച്ച്.എസ്.എ. (മാത്സ്) ആയ ശ്രീ.ടി.കെ. അബ്ദുൾ സലാം, യു.പി.എസ്.എ. ശ്രീമതി ഫൗസിയ എൻ. എന്നിവർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.31563/2023-ന്റെ 27.09.2023-ലെ വിധിന്യായത്തിൽ, ഹർജിക്കാരെ കേൾക്കുന്നതിനും, ഹർജിക്കാർ സമർ പ്പിച്ച Exts P8 & P9 പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ 22.01.2024 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2) ഹർജിക്കാരായ ശ്രീ.അബ്ദുൾ സലാം, ശ്രീമതി ഫൗസിയ എൻ. എന്നിവരുടെ അപേക്ഷ ഇപ്രകാരമാണ് :**

“1 . ഒന്നാം നമ്പർ റിവിഷൻ ഹർജിക്കാരൻ ടി.കെ.അബ്ദുൾ സലാം പാലക്കാട് ജില്ലയിലുള്ള ഡി.എച്ച്.എസ്. നെല്ലിപ്പുഴയിൽ ശ്രീമതി കെ.നദീറയുടെ അവധി ഒഴിവിൽ 01-06-2010 മുതൽ എച്ച്.എസ്.എ. മാത്തമാറ്റിക്സ് അധ്യാപകനായി നിയമിതനായി. നിയമനം 01-06-2011 മുതൽക്കാണ് അംഗീകരിച്ചത്. ഹർ ജിക്കാരന്റെ 01-06-2010 മുതൽ 31-

05-2011 വരെയുള്ള പൂർവ്വകാല സർവ്വീസ് അംഗീകരിച്ചു കിട്ടുന്നതിനാണ് റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.

2. കേസിലെ രണ്ടാം റിവിഷൻ ഹർജിക്കാരി ഫൗസിയ എൻ. 16-07-2007 മുതൽ 07-10-2010 വരെ അവധി ഒഴിവിൽ നിയമിതയായി. നിയമനം അംഗീകരിക്കപ്പെട്ടു. തുടർന്ന് സ്കൂളിൽ ലഭ്യമായ സി.കെ.റിയാസിന്റെ പ്രൊമോഷൻ വേക്കൻസിയിൽ 01-06-2009 മുതൽ യു.പി.എസ്.എ. ആയി തന്നെ നിയമിക്കപ്പെട്ടു. പ്രസ്തുത നിയമനം 01-06-2011 മുതൽക്കാണ് അംഗീകരിക്കപ്പെട്ടത്. 08-10-2010 മുതൽ 31-05-2011 വരെയുള്ള സർവ്വീസ് അംഗീകരിച്ച് കിട്ടുന്നതിനാണ് റിവിഷൻ ഹർജിക്കാരി റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.

3. ഒന്നാം റിവിഷൻ ഹർജിക്കാരന്റെയും രണ്ടാം റിവിഷൻ ഹർജിക്കാരിയുടെയും നിയമനം അധ്യാപക പാക്കേജിന്റെ ഭാഗമായി 01-06-2011 മുതൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും നിയമനത്തിയതി മുതൽ 31-05-2011 വരെ അംഗീകാരവും ആനുകൂല്യങ്ങളും ലഭ്യമാകേണ്ടതുണ്ട്.

4. 12-01-2010-ലെ ജി.ഒ. (പി) 10/10 സംബന്ധിച്ച് നിരവധി കോടതി വിധികളും ആയതിനെ തുടർന്ന് നിരവധി സർക്കാർ ഉത്തരവുകളും നിലവിലുണ്ട്. മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ലെങ്കിലും ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി (Deeming Provision) അംഗീകാരം നൽകാൻ ഉത്തരവായിട്ടുണ്ട്.

മേൽ പ്രസ്താവിച്ച വസ്തുതകളുടെയും യാഥാർത്ഥ്യങ്ങളുടെയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജിക്കാരുടെ നിയമനം നിയമനത്തിയതി മുതൽ 31-05-2011 വരെ അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.”

**3) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു:**

“1. ശ്രീ അബ്ദുൾ സലാം ടി.കെ.

നെല്ലിപ്പുഴ ഡി.എച്ച്.എസ്.ലെ ഗണിത അധ്യാപികയായ ശ്രീമതി നദീറ കെ.യുടെ 03/04/2006 മുതൽ 02/04/2011 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ 01/06/2010 മുതൽ 02/04/2011 വരെ ശ്രീ. അബ്ദുൾ സലാം ടി.കെ.യെ മാനേജർ നിയമിച്ചു. എന്നാൽ നിയമനം പരിഗണിക്കുന്ന സമയത്ത് തസ്തിക ലഭ്യമല്ലാത്തതിനാൽ ടി നിയമനം നിരസിച്ചു. ശ്രീമതി നദീറ 03/04/2011 മുതൽ 02/04/2016 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ചതിനെ തുടർന്ന് ശ്രീ. അബ്ദുൾ സലാം ടി.കെ.യെ അതേ തിയതിയിൽ വീണ്ടും നിയമിച്ചു. പ്രസ്തുത വർഷം അധ്യയന വർഷം ആരംഭിക്കുന്ന 01/06/2011 മുതലും തുടർന്ന് റഗുലർ ഒഴിവിൽ 20/12/2011 മുതലും ടിയാനെ മാറ്റി നിയമിച്ചതിനാൽ 20/12/2011 മുതൽ റഗുലർ ഒഴിവിൽ തുടർച്ചയായി നിയമന അംഗീകാരം ലഭിച്ചു. നിയമന അംഗീകാരം ലഭിക്കാനുള്ള 01/06/2010 മുതൽ 02/04/2011 വരെയും 03/04/2011 മുതൽ 31/05/2011 വരെയും ഉള്ള കാലയളവിലെ നിയമനം അംഗീകരിക്കണമെന്നാണ് ഹർജിക്കാരന്റെ ആവശ്യം.

ടിയാന്റെ നിയമന ഉത്തരവ്, നിയമന കാലയളവിലെ തസ്തിക നിർണ്ണയ ഉത്തരവ്, ഹാജർ പുസ്തകം എന്നിവ പരിശോധിച്ചതിൽ ശ്രീ. അബ്ദുൾ സലാം ടി.കെ.യെ നിയമിച്ചത് ശ്രീമതി നദീറ കെ.യുടെ അവധി ഒഴിവിലാണ്. നിയമനം പരിഗണിക്കുന്ന സമയത്ത്

അന്നത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 7 എച്ച്.എസ്.ടി (ഗണിതം) തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ നദീറ കെ. ഉൾപ്പെടെ 8 പേർ എച്ച്.എസ്.ടി.(ഗണിതം) തസ്തികയിൽ ജോലി ചെയ്തിരുന്നു. എച്ച്.എസ്.ടി.(ഗണിതം) തസ്തികയിലുള്ള ഒരാളെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ നിലനിർത്തിയതിനാലാണ് ഗണിതം തസ്തിക അധികമായത്. ആയതിനാൽ ശ്രീമതി നദീറ കെ.യുടെ അവധി ഒഴിവിൽ ശ്രീ.അബ്ദുൾ സലാം ടി.കെ.യെ നിയമിക്കുമ്പോൾ എച്ച്.എസ്.ടി.(ഗണിതം) തസ്തിക ലഭ്യമല്ല എന്ന് കാണുന്നു.

പിന്നീട് 2009-2010 വർഷത്തെ തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ചപ്പോൾ ഒരു എച്ച്.എസ്.ടി.(ഗണിതം) തസ്തിക ഉൾപ്പെടെ 3 അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട് ഫലത്തിൽ നിയമനാർത്ഥിക്ക് നിലനിൽക്കാനുള്ള തസ്തിക ലഭ്യമാണ്. എങ്കിലും നിയമനം നടത്തിയിട്ടുള്ളത് അധികമായി അനുവദിച്ചിട്ടുള്ള തസ്തികയിലല്ല. ആയതിനാൽ മാനേജർ മുൻപ് സമർപ്പിച്ച നിയമന ഉത്തരവ് വച്ച് ടി നിയമനം പരിഗണിക്കാനാവില്ല.

2. ശ്രീമതി ഫൗസിയ എൻ.

ടി സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീ.സി.കെ.റിയാസിനെ എച്ച്.എസ്.ടി.(അറബിക്) ആയി 01/06/2009 മുതൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി എൻ.ഫൗസിയയെ 01/06/2009 മുതൽ നിയമിച്ചു. നെല്ലിപ്പുഴ ഡി.എച്ച്.എസ്. ഒരു പുതിയ സ്കൂൾ ആണ്. എന്നാൽ സംരക്ഷിത അധ്യാപകനെ നിയമിച്ചിട്ടില്ല എന്നതിനാലും ശ്രീ റിയാസിന്റെ എച്ച്.എസ്.ടി.(അറബിക്) സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ല എന്നതിനാലും മാനേജരുടെ ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താലും ടി നിയമനം ആദ്യം നിരസിച്ചിരുന്നു. പിന്നീട് 01/06/2011 മുതൽ അംഗീകാരം നൽകിയിട്ടുണ്ട്. നിയമന അംഗീകാരം ലഭിക്കാൻ ശേഷിക്കുന്ന കാലയളവായ 01/06/2009 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കണമെന്നാണ് ആവശ്യം.

ബന്ധപ്പെട്ട രേഖകൾ വച്ച് പരിശോധിക്കുമ്പോൾ ടി സ്കൂൾ 22/05/1979-നു ശേഷം നിലവിൽ വന്ന പുതിയ വിദ്യാലയമാണ്. ജി.ഒ.(പി.)നം.46/2006/പൊവിവ തിയതി 01/02/2002 പ്രകാരം ഒരു റഗുലർ നിയമനം അംഗീകരിക്കുന്നതിന് ഒരു സംരക്ഷിതാദ്ധ്യാപകനെ നിയമിക്കേണ്ടതുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിന് ഒരു എച്ച്.എസ്.ടി.(മലയാളം) തസ്തിക ഒഴിച്ചിട്ടുള്ളതായും അതിൽ സംരക്ഷിത അധ്യാപകനെ ആവശ്യപ്പെട്ട് കൊണ്ട് 25/04/2009-ന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളതായും കാണുന്നു. ഇത് പ്രകാരം ടി കാലയളവിൽ സ്കൂളിൽ സംരക്ഷിത അധ്യാപകനെ നിയമിച്ചിട്ടില്ല. നിലവിൽ ഒരു യു.പി.എസ്.ടി. സംരക്ഷിത അധ്യാപികയായി ജോലി ചെയ്ത് വരുന്നു. ശ്രീ.സി.കെ.റിയാസിന്റെ 01/06/2010 മുതലുള്ള സ്ഥാനക്കയറ്റം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന്റെ തീരുമാനത്തിനനുസരിച്ച് ടി നിയമനവും പരിഗണിക്കാമെന്ന് അഭിപ്രായപ്പെടുന്നു."

**4)** സർക്കാർ ഇക്കാര്യം ഹർജിക്കാരുടെ വാദങ്ങളുടെയും അവർ സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

ശ്രീ.ടി.കെ.അബ്ദുൾ സലാമിന്റെ എച്ച്.എസ്.ടി.(ഗണിതം) തസ്തികയിലെ നിയമനം 01.06.2010 മുതൽ 31.05.2011 വരെയും, ശ്രീമതി ഫൗസിയ എൻ.ന്റെ നിയമനം 01.06.2009 മുതൽ 31.05.2011 വരെയും അംഗീകരിച്ച നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു :

(1) എച്ച്.എസ്.ടി.(ഗണിതം) ആയ ശ്രീമതി നദീറ കെ.യുടെ 03.04.2006 മുതൽ 02.04.2016 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ ശ്രീ.അബ്ദുൾ സലാമിനെ 01.06.2010 മുതൽ മാനേജർ നിയമിച്ചുവെങ്കിലും നിയമനാംഗീകാരം ലഭിച്ചില്ല.

(2) ലീവ് വേക്കൻസിയിലെ നിയമനത്തിന് 01.06.2011 മുതലും റഗുലർ ഒഴിവിലെ നിയമനത്തിന് ടിയാന് 20.12.2011 മുതലും നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്.

(3) ശ്രീമതി നദീറയുടെ അവധി ഒഴിവിൽ ശ്രീ.അബ്ദുൾ സലാമിനെ നിയമിക്കുമ്പോൾ എച്ച്.എസ്.ടി.(ഗണിതം) തസ്തിക ലഭ്യമല്ലായിരുന്നുവെന്നും; 2009-10 വർഷത്തെ തസ്തിക പുനർനിർണ്ണയിച്ചപ്പോൾ ഒരു എച്ച്.എസ്.ടി.(ഗണിതം) ഉൾ പ്പെടെ 3 അധികതസ്തിക അനുവദിച്ചിട്ടുണ്ടെന്നും; അങ്ങനെ ടിയാന് ടി കാലയളവിൽ നിലനിൽക്കുവാനുള്ള തസ്തിക ലഭ്യമാണെങ്കിലും ടിയാനെ നിയമിച്ചിരിക്കുന്നത് അധിക തസ്തികയിലല്ലാത്തതിനാൽ ടിയാന്റെ നിയമനം പരിഗണിക്കുവാനാവില്ലായെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

(4) യു.പി.എസ്.ടി. ആയ ശ്രീ.സി.കെ.റിയാസിന് എച്ച്.എസ്.റ്റി.(അറബിക്) ആയി 01.06.2009 മുതൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി എൻ.ഫൗസിയയെ 01.06.2009 മുതൽ യു.പി.എസ്.റ്റി. ആയി നിയമിച്ചു.

(5) ടി സ്കൂൾ പുതിയതായി ആരംഭിച്ച സ്കൂൾ ആയതിനാൽ സംരക്ഷിതാധ്യാപകനെ നിയമിക്കാത്തതിനാലും ശ്രീ.സി.കെ.റിയാസിന്റെ എച്ച്.എസ്.ടി.(അറബിക്) നിയമനം അംഗീകരിക്കാത്തതിനാലും ശ്രീമതി ഫൗസിയയുടെ നിയമനം അംഗീകരിച്ചില്ല.

(6) പിന്നീട് അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി ടിയാൾക്ക് 01.06.2011 മുതൽ അംഗീകാരം നൽകിയിട്ടുണ്ട്.

(7) ടി കാലയളവിൽ G.O.(P)No.46/2006/GEDN dated 1.02.2006 പ്രകാരം സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതിനായി ഒരു എച്ച്.എസ്.ടി.(മലയാളം) തസ്തിക ഒഴിച്ചിട്ടിരുന്നുവെന്നും; അതിൽ സംരക്ഷിത അധ്യാപകനെ ആവശ്യപ്പെട്ടുകൊണ്ട് 25.04.2009-ന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ നൽകിയിരുന്നുവെന്നും, എന്നാൽ ടി കാലയളവിൽ സംരക്ഷിത അധ്യാപകൻ നിയമിക്കപ്പെട്ടിട്ടില്ല എന്നും; നിലവിൽ ഒരു യു.പി.എസ്.ടി. ടി സ്കൂളിൽ സംരക്ഷിത അധ്യാപികയായി ജോലി ചെയ്യുന്നുണ്ട് എന്നും; ശ്രീ സി.കെ.റിയാസിന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീമതി ഫൗസിയയുടെ നിയമനം അംഗീകരിക്കാവുന്നതാണെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

5) ശ്രീ.ടി.കെ.അബ്ദുൾ സലാമിന്റെ നിയമനക്കാര്യം പരിശോധിക്കുമ്പോൾ, ലീവ് വേക്കൻസിയിലുള്ള ടിയാന്റെ 01.06.2010 മുതൽ 31.05.2011 വരെയുള്ള കാലയളവിലെ നിയമനമാണ് അംഗീകരിക്കേണ്ടത്. ടി കാലയളവിലെ തസ്തിക നിർണ്ണയം പ്രകാരം എച്ച്.എസ്.ടി.(ഗണിതം) തസ്തിക അനുവദിച്ചിട്ടുള്ളത് 7 എണ്ണമാണെന്നും;

എന്നാൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി നദീറ ഉൾപ്പെടെ 8 പേർ എച്ച്.എസ്.ടി.(ഗണിതം) തസ്തികയിൽ ജോലി ചെയ്തിരുന്നുവെന്നും; എച്ച്.എസ്.ടി.(ഗണിതം) തസ്തികയിലുള്ള ഒരാളെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ നിലനിർത്തിയതിനാലാണ് ഗണിതം തസ്തികയിൽ അധികം ആളുകൾ വന്നതെന്നും; അതിനാൽ ശ്രീമതി നദീറയുടെ അവധി ഒഴിവിൽ ശ്രീ.അബ്ദുൾ സലാമിന് നിലനിൽക്കുവാൻ എച്ച്.എസ്.ടി.(ഗണിതം) തസ്തിക ലഭ്യമല്ലെന്നും; എന്നാൽ 2009-10-ലെ തസ്തിക പുനർനിർണ്ണയ പ്രകാരം ഒരു എച്ച്.എസ്.ടി.(ഗണിതം) ഉൾ പ്പെടെ 3 അധികതസ്തിക അനുവദിച്ചിട്ടുണ്ടെന്നും; ടി അധികതസ്തികയിൽ ടിയാന് നിലനിൽക്കുവാൻ കഴിയുമായിരുന്നുവെന്നും; എന്നാൽ ടിയാനെ നിയമിച്ചിരിക്കുന്നത് ലീവ് വേക്കൻസിയിലായതിനാൽ ടിയാന്റെ ആവശ്യം പരിഗണിക്കുവാൻ കഴിയില്ലെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

6) 2009-2010 വർഷത്തെ അധിക എച്ച്.എസ്.ടി. (ഗണിതം) തസ്തിക അനുവദിക്കുമ്പോൾ അവധിയിൽ തുടരുന്ന ശ്രീമതി നദീറയുടെ ലീൻ നിലനിർത്തുന്നതിന് തസ്തിക ലഭ്യമാകുമെങ്കിൽ ടി തസ്തികയിൽ അവധി ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീ.അബ്ദുൾ സലാമിന് 01.06.2010 മുതൽ 31.05.2011 വരെ നിയമനാംഗീകാരം നൽകാവുന്നതാണ്. ശ്രീ.സി.കെ.റിയാസ് ഫയൽ ചെയ്ത WP(C)No. 22339/2023-ന്റെ 10.07.2023 തീയതി വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി പുറപ്പെടുവിച്ച 22.12.2024-ലെ സ.ഉ.(സാധാ) നം.9031/2024/പൊവിവ പ്രകാരം ശ്രീ.റിയാസ് സി.കെ.യുടെ 01.06.2009 മുതൽ 31.05.2011 വരെയുള്ള നിയമനം അംഗീകരിക്കുന്നതിന് മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

7 ) മേൽ സാഹചര്യത്തിൽ, 2009-2010 വർഷത്തെ അധിക എച്ച്.എസ്.ടി. (ഗണിതം) തസ്തിക അനുവദിക്കുമ്പോൾ അവധിയിൽ തുടരുന്ന ശ്രീമതി നദീറയുടെ ലീൻ നിലനിർത്തുന്നതിന് തസ്തിക ലഭ്യമാകുമെങ്കിൽ ടി തസ്തികയിൽ അവധി ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീ.അബ്ദുൾ സലാമിന് 01.06.2010 മുതൽ 31.05.2011 വരെ നിയമനാംഗീകാരം നൽകുന്നതിനും; ശ്രീ.റിയാസ് സി.കെ.യുടെ 01.06.2009 മുതൽ 31.05.2011 വരെയുള്ള നിയമനം അംഗീകരിക്കുന്നതിന് 22.12.2024-ലെ സ.ഉ.(സാധാ.)നം.9031/2024/പൊവിവ പ്രകാരം നിർദേശം നല്കിയിട്ടുള്ളതിനാൽ

ശ്രീമതി ഫൗസിയയുടെ 01.06.2009 മുതൽ 31.05.2011 വരെയുള്ള യു.പി.എസ്.റ്റി. തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനും മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി, EXT P8 & P9 റിവിഷൻ ഹർജികൾ തീർപ്പാക്കി, പാലക്കാട് മണ്ണാർക്കാട് ദാറുന്നജാത് ഹൈസ്കൂളിലെ എച്ച്.എസ്.എ. (മാത്സ്) ശ്രീ.ടി.കെ. അബ്ദുൾ സലാം, യു.പി.എസ്.എ. ശ്രീമതി ഫൗസിയ എൻ. എന്നിവർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.31563/2023-ന്റെ 27.09.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, ദാറുന്നജാത് ഹൈസ്കൂൾ, മണ്ണാർക്കാട്, പാലക്കാട്
ശ്രീ.ടി.കെ.അബ്ദുൾ സലാം, എച്ച്.എസ്.എ.(മാത്സ്), ദാറുന്നജാത് ഹൈസ്കൂൾ, മണ്ണാർക്കാട്, പാലക്കാട്
ശ്രീമതി ഫൗസിയ എൻ., യു.പി.എസ്.എ.,ദാറുന്നജാത് ഹൈസ്കൂൾ, മണ്ണാർക്കാട്, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (19.11.2024-ലെ GE-JA3/324/2024-G.EDN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് /B2/202/2023/GEdn

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 26-03-2025 12:09:53

സെക്ഷൻ ഓഫീസർ